Kerala Gazette No. 23 dated 5th June 1984.
PART II

കേരള സർക്കാർ

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

വിജ്ഞാപനം

നമ്പർ 11784/എൽ.എ. 4/83. തിരുവനന്തപുരം, 1983 ഡിസംബർ 5.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 69-ാം ചട്ടപ്രകാരം 1983-ലെ ക്രിമിനൽ നടപടി നിയമം (കേരള ഭേദഗതി) ബിൽ, ഉദ്ദേശ കാരണങ്ങളുടെ വിവരണത്തോടും ധനകാര്യ മെമ്മോറാണ്ടത്തോടും കൂടി പ്രസിദ്ധപ്പെടുത്തുന്നു.

ഡോക്ടർ ആർ. പ്രസന്നൻ,
നിയമസഭാ സെക്രട്ടറി.

G 785.

ഏഴാം കേരള നിയമസഭ

ബിൽ നമ്പർ 86

1983-ലെ ക്രിമിനൽ നടപടി നിയമം (കേരള ഭേദഗതി) ബിൽ

1973-ലെ ക്രിമിനൽ നടപടിനിയമം, കേരള സംസ്ഥാനത്ത് ബാധകമാകുന്നിടത്തോളം, ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1973-ലെ ക്രിമിനൽ നടപടി നിയമം (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്), കേരള സംസ്ഥാനത്ത് ബാധകമാകുന്നിടത്തോളം, താഴെ കാണുന്ന ആവശ്യത്തിനുവേണ്ടി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മുപ്പത്തിനാലാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 1983-ലെ ക്രിമിനൽ നടപടി നിയമം (കേരള ഭേദഗതി) ആക്റ്റ് എന്നു പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ തന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. 98 എ എന്ന പുതിയ വകുപ്പു ചേർക്കൽ.—1973-ലെ ക്രിമിനൽ നടപടി നിയമം (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 7-ാം അദ്ധ്യായത്തിൽ 98-ാം വകുപ്പിനുശേഷം "ബി.—ശോധന വാറണ്ടുകൾ" എന്ന ഉപശീർഷകത്തിനു കീഴിൽ, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"98എ. മജിസ്ട്രേട്ടുമാർ മുൻപാകെ ഹാജരാക്കപ്പെട്ട സ്ത്രീകളുടെ ഇടക്കാല ബന്തവസ്സ്.—ഈ നിയമപ്രകാരമുള്ള ഏതെങ്കിലും നടപടിയിൽ, പ്രതിയെന്ന നിലയ്ക്കല്ലാതെ ഒരു സ്ത്രീയെ ഒരു മജിസ്ട്രേട്ടു മുൻപാകെ ഹാജരാക്കുന്ന സംഗതിയിൽ, മജിസ്ട്രേട്ടിന്, അങ്ങനെയുള്ള നടപടിയിലെ അന്തിമമായ ഉത്തരവു പുറപ്പെടുവിക്കുന്നതുവരെ ആ സ്ത്രീയെ ഇടക്കാലത്തേക്കുള്ള ബന്തവസ്സിൽ വയ്ക്കേണ്ടത് ആവശ്യമാണെന്ന് അദ്ദേഹം കരുതുന്നപക്ഷം അഗതികളായ സ്ത്രീകളെ സ്വീകരിക്കുന്നതിനുവേണ്ടി നടത്തുന്നതും സംസ്ഥാന സർക്കാർ ഇതിലേക്കായി അംഗീകരിച്ചതുമായ ഏതെങ്കിലും സ്ഥാപനങ്ങളിൽ ഏതിലെങ്കിലും ഉത്തരവിൽ പ്രത്യേകം പറയാവുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി അങ്ങനെ ബന്തവസ്സിൽ വയ്ക്കാൻ ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്."

ഉദ്ദേശ കാരണങ്ങളുടെ വിവരണം

1973-ലെ ക്രിമിനൽ നടപടി നിയമം 97-ാം വകുപ്പനുസരിച്ച്, ഏതെങ്കിലും ജില്ലാ മജിസ്ട്രേട്ടിനോ, സബ്ഡിവിഷണൽ മജിസ്ട്രേട്ടിനോ അല്ലെങ്കിൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ടിനോ, തടഞ്ഞുവയ്ക്കൽ കുറ്റമായിത്തീരുന്ന സാഹചര്യങ്ങളിൽ, ഏതെങ്കിലും ആളെ തടഞ്ഞുവെച്ചു എന്നു വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, അദ്ദേഹത്തിന് ഒരു സർച്ച് വാറണ്ട് പുറപ്പെടു

വിക്കാവുന്നതും, ആർക്കാണോ അങ്ങനെയുള്ള വാറണ്ടുമൂലം നിർദ്ദേശം നൽകപ്പെട്ടത് ആ ആൾക്ക് അങ്ങനെ തടഞ്ഞുവയ്ക്കപ്പെട്ട ആൾക്കുവേണ്ടി ശോധന നടത്താവുന്നതും, അങ്ങനെയുള്ള ശോധന വാറണ്ടിന്നനുസൃതമായിരിക്കേണ്ടതും, ആളെ കണ്ടുകിട്ടിയാൽ, ഒരു മജിസ്ട്രേററു മുമ്പാകെ ഉടൻ തന്നെ കൊണ്ടുപോകേണ്ടതും, അദ്ദേഹം സംഗതിയുടെ സാഹചര്യങ്ങളിൽ ഉചിതമെന്നു തോന്നുന്ന ഉത്തരവ് നൽകേണ്ടതുമാണ്. പ്രസ്തുത നിയമത്തിന്റെ 98-ാം വകുപ്പ്, ഒരു സ്ത്രീയെ അല്ലെങ്കിൽ പതിനെട്ടു വയസിനു താഴെയുള്ള ഒരു പെൺകുട്ടിയെ നിയമവിരുദ്ധമായ ആവശ്യത്തിനു വേണ്ടി ബലമായി തട്ടിക്കൊണ്ടു പോയെന്നോ അല്ലെങ്കിൽ നിയമവിരുദ്ധമായി തടഞ്ഞുവച്ചുവെന്നോ സത്യം ചെയ്തു പരാതി നൽകിയാൽ, ഒരു ജില്ലാ മജിസ്ട്രേററിനോ, സബ്ഡിവിഷണൽ മജിസ്ട്രേററിനോ അല്ലെങ്കിൽ ഒന്നാം ക്ലാസ് മജിസ്ട്രേററിനോ അങ്ങനെയുള്ള സ്ത്രീയെ ഉടൻ മോചിപ്പിക്കാനോ, അല്ലെങ്കിൽ അങ്ങനെയുള്ള പെൺകുട്ടിയെ ഭർത്താവിനോ, മാതാപിതാക്കൾക്കോ, രക്ഷകർത്താവിനോ അല്ലെങ്കിൽ അങ്ങനെയുള്ള കുട്ടിയുടെ നിയമാനുസൃതമായ ചുമതലയുള്ള വേറെ ആൾക്കോ തിരിച്ചു നൽകുന്നതിനോ ഉത്തരവു നൽകാവുന്നതും, അങ്ങനെയുള്ള ഉത്തരവ്, ആവശ്യമായേക്കാവുന്ന, ബലം പ്രയോഗിച്ച്, നിർബന്ധിച്ച് അനുസരിപ്പിക്കാവുന്നതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു.

2. ഒരു കേസിൽ, ഒരു പെൺകുട്ടിയെ പ്രതിയെന്ന നിലയ്ക്കല്ലാതെ ഒരു ജുഡീഷ്യൽ മജിസ്ട്രേററു മുൻപാകെ ഹാജരാക്കിയപ്പോൾ, മജിസ്ട്രേററ് ആ പെൺകുട്ടിയെ വൈദ്യപരിശോധനയ്ക്കായി അയയ്ക്കുകയും ആ പെൺകുട്ടി അവളുടെ അച്ഛന്റെകൂടെ പോകുന്നതിന് ഇഷ്ടപ്പെടാതിരുന്നതുകൊണ്ടും ഒരു താൽക്കാലിക സംവിധാനമെന്ന നിലയ്ക്ക് പെൺകുട്ടിയെ സുരക്ഷിതമായി ഏൽപ്പിക്കുന്നതിന് അനുയോജ്യനായ ഒരു വ്യക്തിയും ഇല്ലാതിരുന്നതുകൊണ്ടും കണ്ണൂർ സെൻട്രൽ ജയിൽ സൂപ്രണ്ടിന്റെ ഇടക്കാല ബന്തവസ്സിലേക്ക് റിമാന്റു ചെയ്യുകയും ചെയ്തു. 1976-ലെ 869-ാം നമ്പർ ക്രിമിനൽ എം. പി. തീർപ്പു കൽപ്പിക്കുമ്പോൾ, കേരള ഹൈക്കോടതി, മജിസ്ട്രേററ് പെൺകുട്ടിയെ ജയിലിൽ അയയ്ക്കാൻ നിർദ്ദേശിച്ച നടപടി എടുത്തത് വിചാരണാധികാരം ഇല്ലാതെയാണെന്നു മാത്രമല്ല നിയമത്തിന്റെ സാമാന്യതയ്ക്കും ഔചിത്യത്തിനും സ്ത്രീത്വത്തിന്റെ ബഹുമാന്യതയ്ക്കും എതിരാണ് എന്നും, കുററം ആരോപിക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്യാത്ത ഒരു പെൺകുട്ടിക്കുള്ള ശരിയായ സ്ഥലമല്ല ജയിൽ എന്നും അഭിപ്രായപ്പെടുകയുണ്ടായി. അങ്ങനെയുള്ള കാര്യങ്ങളിൽ പ്രത്യേകിച്ചും അങ്ങനെയുള്ള കേസുകളിൽ ഒരു മജിസ്ട്രേററ് പാസാക്കേണ്ടതായ ഉത്തരവ് കൈകാര്യം ചെയ്യുമ്പോൾ തക്കതായ മാർഗ്ഗദർശനം നൽകുന്നതിന് നിയമത്തിൽ യാതൊന്നും ഇല്ല എന്നു കൂടി കോടതി അഭിപ്രായപ്പെടുകയുണ്ടായി. ഹൈക്കോടതി ഈ കാര്യത്തിൽ ക്രിമിനൽ നടപടിനിയമം മജിസ്ട്രേററുമാർക്ക് ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വ്യവസ്ഥ ചെയ്യേണ്ടതാണെന്നും ഈ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെടേണ്ടതാണെന്നും കൂടി അഭിപ്രായപ്പെടുകയുണ്ടായി

3. ഹൈക്കോടതിയുടെ അഭിപ്രായപ്രകടനത്തിന്റെ വെളിച്ചത്തിൽ, ഏതെങ്കിലും നടപടികളിൽ മജിസ്ട്രേട്ട് മുൻപാകെ ഒരു പ്രതിയെന്ന നിലയ്ക്കല്ലാതെ ഹാജരാക്കപ്പെട്ട ഒരു സ്ത്രീയെ അന്തിമ ഉത്തരവു പുറപ്പെടുവിക്കുന്നതുവരെ ഇടക്കാല ബന്തവസ്സിൽ സൂക്ഷിക്കേണ്ടത് ആവശ്യമാണെന്ന് മജിസ്ട്രേട്ട് കരുതുകയാണെങ്കിൽ, അത് ഏതു സ്ഥലത്തായിരിക്കണമെന്നതിനെക്കുറിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്യേണ്ടതിന് 1973-ലെ ക്രിമിനൽ നടപടി നിയമം കേരള സംസ്ഥാനത്ത് ബാധകമാകുന്നിടത്തോളം ഭേദഗതി ചെയ്യണമെന്ന് ഉദ്ദേശിക്കുന്നു.

4. മേൽപ്പറഞ്ഞ ആവശ്യത്തിനുവേണ്ടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ, നിയമമാക്കുകയും നടപ്പിൽ വരുത്തുകയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

വയലാർ രവി.

(ശരിതർജ്ജമ)

എ. പി. പെരുമാൾ,
നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി.